സംസ്ഥാനങ്ങളുടേയും കടം 2.12 ലക്ഷം കോടിയിൽ നിന്നും 4.99 ലക്ഷം കോടി രൂപയായി വർദ്ധിക്കും. അതായത് അഞ്ച് വർഷം കൊണ്ട് 135 ശതമാനത്തിൽ കൂടുതൽ കടം വർദ്ധിക്കും. മുമ്പൊരിക്കലും റിസർവ്വ് ബാങ്കിൽനിന്നും ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ലാത്ത സംസ്ഥാനങ്ങളിൽ പലതും ഇപ്പോൾ നിരന്തരമായി ഓവർ ഡ്രാഫ്റ്റിനെ ആശ്രയിച്ചുകൊണ്ടിരിക്കുകയാണ്. ഹ്രസ്വകാല 'വേയ്സ് ആന്റ് മീൻസ് അഡ്വാൻസി'നുവേണ്ടി പല സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരിന്റെ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് കരാർ ഒപ്പിടുകയാണ്. സ്വന്തം ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകാനോ നിയമാനുസരണം വേണ്ട മറ്റ് ചെലവുകൾ നിർവഹിക്കാനോ പല സംസ്ഥാനങ്ങൾക്കും കഴിയുന്നില്ല. ചില സർക്കാരുകൾ വർഷങ്ങളായി ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ട് പോലുമില്ല. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി കേന്ദ്രം അനുവദിച്ചിരിക്കുന്ന 'വേയ്സ് ആന്റ് മീൻസ് അഡ്വാൻസ്' പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞു. സംസ്ഥാനങ്ങൾ നേരിടുന്ന സാമ്പത്തിക സമ്മർദ്ദം അത്രയ്ക്ക് ഗുരുതരമാണ്.

കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ

9. കഴിഞ്ഞ അഞ്ചു ദശാബ്ദങ്ങളായി ഈ രാജ്യത്ത് നാം കാത്തുസൂക്ഷിച്ച് വളർത്തിയ സാമ്പത്തിക ഫെഡറലിസത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന ചില ദൗർഭാഗ്യകരമായ സംഭവ വികാസങ്ങൾ കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ ഉയർന്നു വന്നിട്ടുള്ള കാര്യം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ കൂടുതൽ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഉത്തരവ് ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് കഴിഞ്ഞ ഏപ്രിൽ 28ന് പുറപ്പെടുവിക്കുകയുണ്ടായി. ഇത് "സംസ്ഥാനങ്ങളിലെ റവന്യൂ കമ്മി കുറച്ചു കൊണ്ടു വരുന്നത് ലക്ഷ്യം വച്ചുകൊണ്ടുള്ള പരിശോധനാ വിധേയമായ" സാമ്പത്തിക പരിഷ്ക്കാരനടപടികൾ ആവിഷ്ക്കരിക്കുന്നതിന് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഈ വിഷയത്തിൽ സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായുവാനോ അവയുടെ ആശങ്കകൾ പ്രകടിപ്പിക്കാനുള്ള ഒരു വേദി ഒരുക്കുവാനോ ഉള്ള നടപടികൾ ഉണ്ടായില്ല. ഭരണ ഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള സാമ്പത്തിക ഫെഡറലിസത്തിന്റെ തത്വങ്ങളിൽ അടിസ്ഥാനപരമായ മാറ്റത്തിന് ഇത് വഴി വച്ചിരിക്കുന്നു. ഇപ്രകാരം സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി നിയന്ത്രിക്കുന്നതിനുള്ള ദൗത്യം കേന്ദ്രം തന്നെ നേരിട്ട് കയ്യാളുന്നതിനുള്ള ശ്രമമാണ് നടത്തുന്നതെന്ന് കാണാവുന്നതാണ്. റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള അന്തരമാണ് ഓരോ സംസ്ഥാനത്തിന്റെയും റവന്യൂ കമ്മി. പ്രഥമ വീക്ഷണത്തിൽ കേന്ദ്ര നടപടി ശരിയാണെന്നു തോന്നാം. എന്നാൽ കേന്ദ്രത്തിൽ നിന്നും വ്യത്യസ്തമായി സ്റ്റേറ്റുകൾക്ക് റവന്യൂ കമ്മി നികത്താൻ പൊതു കടമെടുപ്പിനെ ആശ്രയിക്കേണ്ടി വരുന്നു. ഒരു സംസ്ഥാനത്തിന്റെ പൊതുക്കടം ആ സംസ്ഥാനത്തിന്റെ മാത്രമായ അധികാര മേഖലയാണ്. അതുകൊണ്ടാണ് ഭരണഘടനാശില്പികൾ ഇതിനെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിൽ നാല്പത്തിമൂന്നാം ഇനമായി

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിയിരിക്കുന്നത്. 293-ാം വുകുപ്പ് വിഭാവനം ചെയ്യുന്ന പ്രകാരമല്ലാതെ സംസ്ഥാനങ്ങളുടെ പൊതുക്കടത്തിന്മേൽ കേന്ദ്രത്തിന്റെ മേൽനോട്ടമോ നിയന്ത്രണമോ ഭരണഘടന അനുവദിക്കുന്നില്ല. ചുരുക്കത്തിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക കമ്മി അവലോകനം ചെയ്യുന്നതിനുള്ള സമ്പ്രദായം നിലവിൽ വന്നപ്പോൾ അവരുടെ പൊതുക്കടം കേന്ദ്രത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടുന്ന ദൗർഭാഗ്യകരമായ സാഹചര്യം സംസ്ഥാനങ്ങളുടെ മേൽ അടിച്ചേല്പിക്കപ്പെട്ടിരിക്കുന്നു. ഈ പരിശോധനയിൽ പരാജയപ്പെട്ടാൽ കേന്ദ്രത്തിൽ നിന്നും നമുക്ക് ലഭിക്കേണ്ടുന്ന ധനസഹായങ്ങൾ നിഷേധിക്കപ്പെടും. ഈ നീക്കം വ്യക്തമായും സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണ്. കേന്ദ്ര സർക്കാരിനുപോലും തങ്ങളുടെ ധനക്കമ്മി കുറച്ചുകൊണ്ടു വരാൻ കഴിയുന്നില്ല എന്ന് വ്യക്തമായ സാഹചര്യത്തിലാണ് ഈ നടപടികൾ എന്നോർക്കണം. ഭരണഘടനയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന സാമ്പത്തിക ഫെഡറലിസത്തിന്റെ ഘടനയെ ദുർബ്ബലപ്പെടുത്താൻ ഒരു ധനകാര്യക്കമ്മീഷനെ കരുവാക്കുന്ന ഈ നടപടി ചരിത്രത്തിൽ ആദ്യത്തേതാണ്.

10. സബ്സിഡികൾ നിർത്തലാക്കുക, സർക്കാർ ജീവനക്കാരുടെ എണ്ണം പടിപടിയായി കുറയ്ക്കുക, നിയമന നിരോധനം ഏർപ്പെടുത്തുക, വേതനവും ക്ഷാമബത്തയും മരവിപ്പിക്കുക, സംസ്ഥാന പൊതുമേഖലകളെ സ്വകാര്യവൽക്കരിക്കുക, പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുക, കഴിയുന്നത്ര നികുതികൾ ചുമത്തുക എന്നിവയാണ് സംസ്ഥാനങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രതിവിധികൾ. എന്നാൽ സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും വികസന പ്രവർത്തനം തടസ്സപ്പെടുത്തുന്നതുമായ ഇത്തരം നിർദ്ദേശങ്ങൾ ഇടതുപക്ഷ ഗവൺമെന്റിന് സ്വീകാര്യമല്ല. ഇതിന് ബദലായി സംസ്ഥാനങ്ങളുടെ വർദ്ധിച്ചുവരുന്ന ഉത്തരവാദിത്വം നിറവേറ്റുന്നതിന് സഹായകരമായ തരത്തിൽ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 50% ആയി ഉയർത്തണമെന്നും, പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന്, സമാനമായ തുക പ്രത്യേക ഗ്രാന്റായി കേന്ദ്രം അനുവദിക്കുകയോ അല്ലാത്ത പക്ഷം സംസ്ഥാനം കേന്ദ്രത്തിന് തിരിച്ചടക്കേണ്ടതായ തുകയിൽ ഈ നഷ്ടം തട്ടിക്കിഴിക്കുകയോ ചെയ്യണമെന്ന് നമുക്ക് ഏകകണ്ഠമായി ആവശ്യപ്പെടാം. പദ്ധതി സഹായത്തിലെ കടവും സഹായധനവും തമ്മിൽ ഇപ്പോൾ നിലവിലുള്ള 70:30 എന്ന അനുപാതം 50:50 എന്നാക്കി മാറ്റണമെന്ന് നമ്മൾ ആവശ്യപ്പെടുന്നു. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിരിക്കുന്നുവെന്ന പ്രചാരണം കേന്ദ്രത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ച് ധാരണാപത്രം ഒപ്പിട്ട മറ്റു സംസ്ഥാനങ്ങളെപ്പോലെ കേരളത്തേയും അടിയറ പറയിപ്പിക്കാനുള്ള തന്ത്രം ആണ്. ഈ ദുഷ്പ്രചാരണം ജനങ്ങളുടെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്. കേന്ദ്രത്തിൽനിന്ന് അർഹമായ

LIBRARY ARCHIVES Kerala Legislative Assembly

വിഹിതം യോജിച്ചു നിന്ന് നേടിയെടുക്കുന്നതിനും അതുവഴി ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക ഫെഡറലിസം ഉറപ്പാക്കാനുമുള്ള ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന് സഭയുടെ എല്ലാഭാഗത്തു നിന്നുമുള്ള സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

സംസ്ഥാനത്തിന്റെ ധന മാനേജ്മെന്റ്

11 അടുത്ത രണ്ടോ മൂന്നോ മാസങ്ങൾക്കകം സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാവും. തെരഞ്ഞെടുപ്പു വർഷത്തിലായതിനാൽ വിജയകരമായി കാലാവധി പൂർത്തിയാക്കുന്ന ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ കരിതേച്ചു കാണിക്കുവാൻ എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്തുന്ന ഒരു പ്രതിപക്ഷത്തെയാണ് ഞാൻ അഭിമുഖീകരിക്കുന്നത്. രാഷ്ട്രീയ രംഗത്ത് ഇന്നു കാണുന്ന ദൗർഭാഗ്യകരമായ ഒരു പ്രവണതയാണിത്. സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റ് ഏറെ സങ്കീർണ്ണമാണെന്നിരിക്കെ, അത് ഇത്തരം ദുരാരോപണങ്ങൾക്ക് പെട്ടെന്ന് ഇരയാകുമെന്നതിന് സംശയമില്ല. അതിനാൽ അപ്രകാരമുള്ള വിമർശനങ്ങളുടെ പൊള്ളത്തരം തുറന്നു കാട്ടുന്നതിനുവേണ്ടി ഈ സഭയുടെ വിലപ്പെട്ട ഏതാനും നിമിഷങ്ങൾ ഞാൻ ഉപയോഗിക്കട്ടെ. അനിയന്ത്രിതമായി ചെലവു ചെയ്യുന്നു എന്നതാണല്ലോ ഈ ഗവൺമെന്റിനെതിരെ ഉന്നയിക്കപ്പെടുന്ന ഒരു പ്രധാന ആരോപണം. സത്യവുമായി പുലബന്ധം പോലുമില്ലാത്ത ഒരു വിമർശനമാണിത്. 1996-97 മുതൽ 1999-2000 വരെയുള്ള കഴിഞ്ഞ നാല് വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം റവന്യൂ ചെലവുകളുടെ കാര്യത്തിൽ നിയമസഭ പാസാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിനകത്ത് ചെലവുകൾ ഒതുക്കി നിർത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

12. മുൻ വർഷങ്ങളെ അപേക്ഷിച്ച് 1998-99, 1999-2000 വർഷങ്ങളിൽ പദ്ധതിയേതര റവന്യൂചെലവുകളിൽ യഥാക്രമം 21.4 ശതമാനത്തിന്റേയും 25.33 ശതമാനത്തിന്റേയും വർദ്ധന ഉണ്ടായിട്ടുണ്ട്.1998-99 ൽ റവന്യൂ ചെലവിന്റെ നാലു മേഖലകളായ സാമ്പത്തിക സർവീസുകൾ, സാമൂഹ്യ സർവീസുകൾ, പൊതു സർവീസുകൾ, ഗ്രാന്റ്-ഇൻ- എയ്ഡുകളും സംഭാവനകളും എന്നിവയിൽ വച്ച് സാമ്പത്തിക സർവീസുകളിലെ ചെലവിൽ മാത്രമാണ് 43.56 ശതമാനം വർദ്ധന ഉണ്ടായത്. ഇതിനു കാരണം ഗ്രാമീണ വികസനത്തിന് ഈ സർക്കാർ നൽകിയ ഊന്നലാണ്. വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കിയതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച പദ്ധതി വിഹിതം ഉൾപ്പെടുന്ന ഈ മേഖലയുടെ വിഹിതത്തിൽ 80 ശതമാനം വർദ്ധനവുണ്ടായി. പദ്ധതിയേതര റവന്യൂചെലവിന്റെ മറ്റെല്ലാ മേഖലകളിലും ഇത് 17 ശതമാനത്തിൽ താഴെ മാത്രമാണ്. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതിനു ശേഷം പോലും പദ്ധതിയേതര മേഖലകളിലെ ചെലവ് പലയിനങ്ങളിലും 14 ശതമാനത്തിൽ താഴെയാണെന്നു കാണാം.

LIBRARY ARCHIVES Kerala Legislative Assembly

Informal reports indicate even deeper plan cuts by nearly ten states in the current fiscal year too. RBI estimates the total outstanding liabilities of all States to go up to Rs. 4.99 lakhs cr. in 2001 from Rs. 2.12 lakh cr. in 1996- a rise of 135% over five years. Many States, which have never had to avail over draft from RBI has been recurrently resorting to this. To avail of short-term ways and means advance from Government of India, several States had entered into memorandum of Understanding with Government of India - at terms imposed on them. Several States have defaulted on payments of salaries to their staff and other statutory liabilities! Some have not revised the pay of the Staff of years together now. The provision for Ways and Means Advance that Government of India keeps to assist State Governments in distress has been completely exhausted. Such is the magnitude of the fiscal stress experienced by the States.

CENTRE-STATE FINANCIAL RELATIONS

9. Let me also bring to your attention some very unfortunate devlopments in centre- state financial relations that threaten to cut at the roots of the federal polity that we have so carefully nurtured over the past five decades in this country. The Presidnet of India on 28th of April 2000 promulgated and published and order that added to the Terms of Reference of the Eleventh Finance Commission. The Commission was asked to draw up a "monitorable fiscal reforms programme aimed at reudction of revenue deficit of the States" and accordingly it has submitted its report on this basis. Neither has the opinion of States been sought nor has there been any forum for States to echo their concerns. This has brought in a radical change to the principles of economic federalism enshrined in the Consitution. Government of India thus, would want to take on itself the task of controlling revenue deficits of States. Revenue deficit of any state is the mismatch between its revenue receipts and revenue expenditure. It may sound like a truism no doubt, but unlike the Centre, which controls monetary policy, the States has to take recourse to its Public Debt to bridge its revenue deficit. The Public Debt of a State is the exclusive domain of the State Government. That is why the Consitution makers have placed this as Item 43 of the State List in the Seventh Schedule of the Consitution. Except as provided for in Article 293 of the Consitution, the Consitution does not provide the Central Government any role in the supervision or management of the Public Debt of the State. In short, when States will be put on a "monitorable

LIBRARY ARCHIVES Kerala Legislative Assembly

fiscal reforms programme", what would unfortunately happen is that States will have to subject its Public Debt to a sort of "fiscal therapy", failing which it will not get its entitlements. This move, clearly infringes on the powers and Consitutional status of State Governments. And all this-when it is known clearly that even the Centre has not been able to achieve its fiscal deficit reduction targets for the last three years in spite or its resolve. I have to point out that this is the first time that a Finance Commission has been used to weaken the fabric of federal state relations enshrined in the Consitution.

10. Government of India has one readymade solution to all the difficulties that states face now- reduce subsidies, cut down the number of government employees, freeze salaries and dearness allowance, privatise public sector undertakings, curtail plan expenditure and levy as many taxes as possible. The Left Democratic Government will not accept such proposals that will stultify development besides hitting the common man. We have to unanimously suggest alternative remedies that would include increasing the state's share of central taxes to 50% , and compensating the State through a commensurate grant equivalent to the losses suffered on account of the recommendations of the Eleventh Finance Commission or in the alternative, set off these losses aganist the dues that States owe to Government of India. We would urge changing the loan to grant ratio from the existing 70:30 to 50:50. The constant refrain by some that the State is facing a financial crisis is only a poly to make our State also like many others to enter into an agreement with Government of India. This is an onslaught on the sovereignty of the people. I call on all the members of this House to join as one to ensure that the State gets all its due entitlements from the Centre and thereby strengthen the fiscal federalism inthe country.

FINANCIAL MANAGEMENT OF THE STATE

11. In the course of the next two or three months, we would have completed the elections in the State. I would expect that being an election year the Opposition would not spare opportunities to malign the performance of an incumbent government that is successfully completing its term. Well, such may be the unfortunate realpolitik of the times that dictates mindless affornts to governance. Financial

LIBRARY ARCHIVES Kerala Legislative Assembly